യുള്ള തുക വക കൊള്ളിച്ചിട്ടില്ല, അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഫോർട്ട്കൊച്ചിയുടെ ഈ പ്രവർത്തന പ്രാധാന്യവും, അതിന്റെ ടൂറിസ്റ്റ് ആകർഷകത്വവും പരിഗണിച്ച് ഒരു നിർദ്ദേശം ഗവൺമെന്റിൽ വയ്ക്കണമെന്ന് വിനയപൂർവ്വം ഞാൻ അഭ്യർത്ഥിക്കുകയാണ്.

തൊഴിലും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചതു പോലെ ഫോർട്ട്കൊച്ചി വളരെയധികം ചരിത്ര പ്രാധാന്യമുള്ളതാണ്. ഏറ്റവുമധികം വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കുന്ന ഒരു പ്രദേശമാണ്. എന്നാൽ അവിടെ വേണ്ടത്ര അക്കോമഡേഷനോ, മറ്റ് സൗകര്യങ്ങളോ ഇല്ല. ഇനിയും ധാരാളം ഡെവലപ്പ് ചെയ്യേണ്ടതായിട്ടുണ്ട്. അതുകൊണ്ട് ഫോർട്ട്കൊച്ചി ഒരു ടൂറിസ്റ്റ് കേന്ദ്രമാക്കാൻ വേണ്ട ഒരു പ്രത്യേക പദ്ധതിക്ക് രൂപം നൽകാൻ ഗവൺമെന്റ് തയ്യാറാണെന്ന് ഞാൻ ബഹുമാനപ്പെട്ട മെമ്പറെ അറിയിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ച മറൈൻ പാർക്കിന് വേണ്ടി 1987-ൽത്തന്നെ തീരുമാനമെടുത്തു. അവിടെ ഒരേക്കർ തൊണ്ണൂറ്റിമൂന്ന് സെന്റ് സ്ഥലം എടുക്കുകയും ചെയ്തു. ഇതാദ്യം കൊച്ചിൻ കോർപ്പറേഷനെയും, പിന്നീട് ഡി. ടി. പി. സി.-യേയും ഏൽപ്പിച്ചു. പക്ഷെ അതിന്റെ യാതൊരു പ്രവർത്തനവും നടന്നിട്ടില്ല. ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ലെന്ന് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. ഡി. ടി. പി. സി.-യ്ക്ക് വേണ്ടി മൊത്തത്തിൽ ഒരു സംഖ്യ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ആ സംഖ്യ ഉപയോഗിച്ച് ഒരു മറൈൻ പാർക്ക് നിർമ്മിക്കാനുള്ള നടപടി ഗവൺമെന്റ് കൈക്കൊള്ളുന്നതാണ്.

(11) ആദിവാസി വൃദ്ധർക്ക് അഭയ കേന്ദ്രം അനുവദിക്കണമെന്ന ആവശ്യം

ശ്രീമതി കെ. സി. റോസക്കുട്ടി: സർ, കേരളത്തിലെ ആദിവാസികളിൽ ഏകദേശം പകുതിയോളം താമസിക്കുന്ന ജില്ലയാണ് വയനാട് ജില്ല. കേരള നിയമസഭയിൽ 10-24 വർഷക്കാലം ആദിവാസികളുടെ പ്രതിനിധിയായിരുന്ന പ്രേതനായ ശ്രീ. രാഘവൻ മാസ്റ്റർ. ഈ വർഷാരംഭത്തിൽ ആദിവാസികളുടെ ഏറ്റവും വലിയ ആവശ്യമായ ഒരു Old Age Home-നെ കുറിച്ച് അദ്ദേഹം ചർച്ചാവേളയിൽ സംസാരിച്ചിരുന്നു. ആദിവാസികളും വളരെയേറെ നിർദ്ധനരും പട്ടിണിപ്പാവങ്ങളുമാണ്. ആയുഷ്കാലം മുഴുവനും കൂലിപ്പണി എടുത്തതിനുശേഷം പ്രായാധിക്യമെത്തുന്ന ആദിവാസികൾക്ക് ഇന്ന് ആരും ഇല്ലാതെ, താമസ സൗകര്യവുമില്ലാതെ കഷ്ടപ്പെടുന്ന ഒരവസ്ഥയാണ് വയനാട് ജില്ലയിലുള്ളത്. ഇവരെല്ലാം രോഗികളാണ്. യാതൊരു തരത്തിലുള്ള പോഷകാഹാരവും ലഭിക്കാതെയും കിടക്കാൻ ഇടമില്ലാതെയും കഷ്ടപ്പെടുന്ന പ്രായംചെന്ന വൃദ്ധരായ ആദിവാസികളെ താമസിപ്പിക്കുന്നതിനുവേണ്ടി വയനാട് ജില്ലയിൽ ഒരു Old Age Home സ്ഥാപിക്കണമെന്ന് ഞാൻ പ്രത്യേകമായി അഭ്യർത്ഥിക്കുന്നു. അതോടൊപ്പം ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ശ്രീ. രാഘവൻ മാസ്റ്ററുടെ ഏറ്റവും വലിയ ആഗ്രഹമായിരുന്ന ആ സ്ഥാപനത്തിന് അദ്ദേഹത്തിന്റെ പേരു നൽകി അനശ്വരമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

എക്സൈസ്, പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. പന്തളം സുധാകരൻ): സർ, കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ധനാഭ്യർത്ഥന ചർച്ചയിൽ പങ്കെടുത്തുകൊണ്ട് നമ്മെ ഏവരുടേയും പ്രിയങ്കരനായിരുന്ന ബഹുമാന്യനായ കെ. രാഘവൻ മാസ്റ്റർ ഇവിടെ പ്രസംഗിച്ചപ്പോൾ അദ്ദേഹത്തിന്റെ പ്രസംഗമദ്ധ്യേയുള്ള ഒരു നിർദ്ദേശമായിരുന്നു വയനാട്ടിലെ നിരാശ്രയരായ പ്രത്യേകിച്ച്, വാർദ്ധക്യംമൂലം നിരാശ്രയരായ പാവപ്പെട്ട പട്ടികവർഗ്ഗക്കാർക്കായ വൃദ്ധജനങ്ങൾക്കു വേണ്ടി ഒരു ആശ്രയകേന്ദ്രം ആരംഭിക്കണമെന്നുള്ളത്. പൂർണ്ണമായും അന്ന് അതിന്റെ ഗൗരവം മനസ്സിലാക്കി അത്തരം ഒരു കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് സഭയിൽ ഞാൻ പറഞ്ഞിരുന്നതുമാണ്. നൂറ് ആദിവാസി വൃദ്ധജനങ്ങളെ സംരക്ഷിക്കാനായുള്ള ഒരു പദ്ധതി വയനാട് ജില്ലയിലെ തിരുനെല്ലിയിൽ ആരംഭിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ഇവിടെ താമസിക്കുന്ന ആദിവാസികൾക്ക് ഭക്ഷണം, വസ്ത്രം തുടങ്ങിയ എല്ലാ സൗകര്യങ്ങളും നൽകും. ഈ സ്ഥാപനം ആരംഭിക്കുന്നതിനുവേണ്ടി ഏതാണ്ട് 10 ലക്ഷം രൂപ ചെലവു വരുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഈ കേന്ദ്രത്തിന് ശ്രീ. കെ. രാഘവൻ മാസ്റ്ററുടെ പേര് നൽകണമെന്ന് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചു. അക്കാര്യം തീർച്ചയായും പരിഗണിക്കുന്നതാണ്.

(12) പേരാമ്പ്ര സി. കെ. ജി. കോളേജിൽ പുതിയ കോഴ്സുകൾ തുടങ്ങുന്നത് സംബന്ധിച്ച്

ശ്രീമതി എൻ. കെ. രാധ: സർ, പേരാമ്പ്രയുടെ ചുറ്റുപാടുമുള്ള വിദ്യാർത്ഥികൾ ആശ്രയിക്കുന്ന ഒരു കോളേജാണ് എന്റെ നിയോജകമണ്ഡലത്തിലെ സി. കെ. ജി. കോളേജ്. ഈ കോളേജിൽ ഇപ്പോൾ ബി.കോം., ബി. എ. (ഹിസ്റ്ററി), ഹോട്ടൽ മാനേജ്മെന്റ്, ടൂറിസം എന്നീ കോഴ്സുകൾ മാത്രമേയുള്ളൂ. അതുകൊണ്ട് കോളേജ് ആരംഭിക്കുമ്പോൾ ജനങ്ങൾ ആഗ്രഹിച്ചകാര്യം സഫലീകരിക്കാൻ സാധിച്ചില്ല. സാധാരണ ഒരു പാരലൽ കോളേജിൽ പോയാലും മേൽപ്പറഞ്ഞ വിഷയങ്ങൾ പഠിക്കാൻ സാധിക്കും. ഇവിടെ സയൻസ് കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. ആർക്കിയോളജി, എം.കോം. ബി.എസ്സി. (മാത്തമാറ്റിക്സ്) എന്നീ കോഴ്സുകൾ അടുത്ത അദ്ധ്യയനവർഷംതന്നെ ആരംഭിക്കണം. ഇപ്പോൾ ദൂരെയുള്ള മടപ്പള്ളി, കോഴിക്കോട് കോളേജുകളിലാണ് വിദ്യാർത്ഥികൾ പഠിക്കാൻ പോകുന്നത്. ഈ പ്രയാസം കണക്കിലെടുത്തുകൊണ്ട് അടുത്ത അദ്ധ്യയനവർഷംതന്നെ മേൽപ്പറഞ്ഞ കോഴ്സുകൾ ആരംഭിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): സർ, അപേക്ഷ കിട്ടിയതും അല്ലാത്തതുമായ എല്ലാ ഗവൺമെന്റ് കോളേജ് കൾക്കും ഓരോ പുതിയ കോഴ്സ് കൊടുക്കണമെന്ന് ഗവൺമെന്റ് തീരുമാനിച്ചിരുന്നു. മൊകേരി കോളേജിന് യൂണിവേഴ്സിറ്റിയുടെ ക്ലിയറൻസ് കിട്ടാത്തതുകൊണ്ടാണ് കോഴ്സ് കൊടുക്കാൻ കഴിയാതെ

LIBRARY ARCHIVES Kerala Legislative Assembly